സാഹിത്യവീഥി.

കേരളകാളിദാസനോ ഗദ്യജനയിതാവ്?.

(ചിത്രമെഴുത്തു കെ. എം. വറുഗീസ്.)

IV

ദ്രാവിഡഭാഷയായ മലയാളത്തെ പ [illegible] ഭാഷയെത്തന്നെ ശരണീകരിക്കുക എന്നൊരു കഠിനവ്രതം കത്തനാർക്കുണ്ടായിരുന്നു. ശാബ്ദികസൌന്ദര്യം കുറവാണെന്നു ഭ്രമിച്ചു മലയാളഭാഷാന്തരവാക്കില്ലുള്ള യാതൊരു പദങ്ങളേയും തള്ളിക്കളയുക അദ്ദേഹത്തിനു സമ്മതമല്ലായിരുന്നു. സംസ്കൃതപദബഹുലമായ പ്രൗഢരീതിയിൽ എഴുതുന്നതിന് അദ്ദേഹത്തിനു ലേശവും പ്രയാസവും ഇല്ലായിരുന്നു എന്നതിന് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിലെ ഏതൊരു ഭാഗവും ലക്ഷ്യമാണ്. അനുപേക്ഷണീയ ഘട്ടങ്ങളിൽ മാത്രമല്ലാതെ കേവലം ആർഭാടനത്തിനും അഹാര്യഭംഗിക്കുമായി അദ്ദേഹം സംസ്കൃതപദങ്ങളെ സമാശ്രയിച്ചിരുന്നില്ല. അതിപ്രൗഢമായ രീതിയിലും അത്യന്തം ലളിതമായ രീതിയിലും ഒന്നുപോലെ എഴുതുവാൻ അദ്ദേഹത്തിനുണ്ടായിരുന്ന സാമർത്ഥ്യം അഭിനന്ദനീയമത്രെ.

കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ഗദ്യരീതിയോടു തട്ടിച്ചുനോക്കുന്നതിനായി കത്തനാർ അവർകളുടെ ഏതാനും സാമാന്യവാചകങ്ങൾ മാതൃകയായി താഴെ ഉദ്ധരിക്കാം.

“അഖിലാണ്ഡം എല്ലാം ബ്രഹ്മമാകുന്നു ഈ ഉക്തി വേദാന്തഉപനിഷത്തുക്കളിൽ ഒക്കെയും ഭാഷ മാററമായി പിന്നെയും പിന്നെയും ആവർത്തിക്കപ്പെട്ടിരിക്കുന്നു. അഖിലാണ്ഡം അവനിൽ നിന്നു് ഉത്ഭവിച്ചതു് ഇന്നപ്രകാരമെന്നു കാണിക്കുന്നതിനു വളരെ നിദർശനങ്ങളേയും അവയിൽ കാണുന്നു. ചിലന്തിയിൽ നിന്നു നൂലും ഭൂമിയിൽ നിന്നു സസ്യവും ജീവജന്തുക്കളിൽ നിന്നു രോമവും ഏതു പ്രകാരം ഉണ്ടാകുന്നുവോ അപ്രകാരം അക്ഷയഭൂതമായ ബ്രഹ്മത്തിൽ നിന്നു് അഖിലാണ്ഡം ഉണ്ടായിരിക്കുന്നു”

(അദ്വൈതം)

“അണുക്കൾ ആദ്യന്തമില്ലാതെ നിത്യമായിരിക്കുന്നുവെന്നു കണാദൻ പറയുന്നു അവൻ വ്യവസ്ഥിക്കുന്നതാവിതു, സമാസങ്ങൾ ഉണ്ടാവാൻ മൂലങ്ങൾ അവശ്യമായിരിക്കുന്നു ആ മൂലങ്ങൾക്കു വേറെ മൂലങ്ങൾ വേണം. ഇങ്ങനെ ആരാഞ്ഞു ചെല്ലുന്നതിൽ എവിടെ എങ്കിലും ഒരു അതിർത്തിയിങ്കൽ നാം ചെന്നെത്തും. ആ അതിർത്തി അസാദ്ധ്യമായിരിക്കണം. അല്ലെങ്കിൽ ഉപാദാനകാരണം കൂടാതെ ചില കാര്യം ഉളവാകും എന്നു നാം സമ്മതിക്കേണ്ടിവരും. ഈ വ്യവഹാരം കൊണ്ടു അണുക്കൾ ഉണ്ടെന്നും അവ നിത്യമെന്നും തെളിവാകുന്നു”

(ഒരു സംവാദം)

“ഒരാളിന്റെ മൂപ്പുവാഴ്ചയിൽ ഒരിക്കൽ മാത്രം ആധാരങ്ങൾ പൊളിച്ചെഴുതുക കുറയക്കാലം മുൻപേ ജന്മികൾക്കു മര്യാദയായിരിക്കുന്നതും ഇപ്പോഴും വലിയ ജന്മിസ്ഥാനങ്ങളിൽ ഈ മുറതന്നെ പ്രമാണിച്ചുവരുന്നതും ഓർക്കുമ്പോൾ മേൽപ്പറഞ്ഞ അർത്ഥം യുക്തമായിട്ടു തോന്നും. എന്തെന്നാൽ കേരളത്തിലെ ജന്മികളായിരുന്ന ബ്രാഹ്മണരുടെ ഇടയിൽ നടന്നതുപോലെ മൂപ്പുവാഴ്ച മൂത്തമകൻ വഴിയായി ക്രമമായി നടന്നാൽ ഒരുത്തന്റെ മൂപ്പും വാഴ്ചയ്ക്കു കൂടുതൽ കുറവു കിട്ടി ഏകദേശം മുപ്പത്താറു സംവത്സരം ചെല്ലുന്നതാകുന്നു”

(കൊഴമുതലാണ്മ)

“ലോകത്തിന്റെ നിബന്ധനത്തിൽ കാണുന്ന നിയോഗങ്ങളും നിമിത്തകാരണങ്ങളും അതു് ഒരു സചേതന മനസ്സിന്റെ വേലയാകുന്നു എന്നു സാക്ഷീകരിക്കുന്നതുപോലെ ജീവികൾ അനുഭവിക്കുന്ന സുഖദുഃഖങ്ങളായ നിമിത്തകാരണങ്ങൾ അവർ അവന്റെ ആധിപത്യത്തിൻ കീഴിരിക്കുന്നു എന്നു സാക്ഷീകരിക്കുന്നു മരണം ജീവഗുണങ്ങളുടെ നാശമാകുന്നു എന്നുള്ള ചിന്ത മുഴുവനും ആ ഗുണങ്ങൾ സമാസവും വിഭജ്യവും എന്നുള്ള നിയോഗത്തിൽ നിന്നു വന്നതായിരിക്കണം. എന്നാൽ സ്വബോധം ഏകാന്തവും നിർഭേദ്യവുമായ ഒരു ഗുണമാകയാൽ അതിനെ വഹിക്കുന്നതു ഗുണിയും അങ്ങനെ തന്നെ ആയിരിക്കണം.”

(സംയുക്തി)

“വ്യാകരണം ഒരു ശാസ്ത്രമായിട്ടും ഒരു സൂത്രമായിട്ടും ഇങ്ങനെ രണ്ടു ഭാവത്തിൽ വിചാരിക്കപ്പെടുന്നു. ഒരു ഭാഷയെ അറിഞ്ഞിട്ടില്ലാത്തവർക്കു് അതിനെ എളുപ്പത്തിൽ പഠിച്ചുകൊള്ളുന്നതിനു ചില പ്രമാണങ്ങളെ കല്പിക്കുന്നതാകയാൽ അതു് ഒരു സൂത്രമാകുന്നു.......എന്നാൽ മലയാളികൾ പരിചയംകൊണ്ടു മലയാഴ്മ അറിഞ്ഞിരിക്കുന്നവരാകയാൽ അവർക്കു ആ ഭാഷയുടെ വ്യാകരണംകൊണ്ടു് എന്തുപകാരം എന്നു ചോദിച്ചാൽ ഒരു ഭാഷയെ സാമാന്യമായിട്ടു പറയുന്നതിനും എഴുതുന്നതിനും പരിചയംകൊണ്ടു മനുഷ്യർക്കു വശമാകാമെങ്കിലും വ്യാകരണം പഠിക്കാതെ ആ ഭാഷയുടെ ലക്ഷണങ്ങളേയും അതിലെ പ്രയോഗങ്ങളുടെ കാരണങ്ങളേയും അറിയുന്നതിനു കഴിയുന്നതല്ല എന്നാൽ വ്യാകരണം ഭാഷയുടെ പ്രമാണങ്ങളേയും അതിലെ പ്രയോഗങ്ങളുടെ കാരണങ്ങളേയും കാണിക്കുന്നതാകയാൽ അതു് ഒരു ശാസ്ത്രമാകുന്നു............അപ്രകാരംതന്നെ വ്യാകരണത്തെ വിജ്ഞയില്ലാത്തവരും നടപ്പായുള്ള കാര്യങ്ങളെക്കുറിച്ചു തെററുകൂടാതെ ഒരു വേള പറകയും എഴുതുകയും ചെയ്യുമായിരിക്കാം; എങ്കിലും യുക്തികളും വിസ്താരങ്ങളും അടങ്ങിയിരിക്കുന്ന സംഗതികളെക്കുറിച്ച് അവർക്കു മുറപോലെയും തെളിവായിട്ടും പറകയോ, എഴുതുകയോ ചെയ്യുന്നതിനു കഴികയില്ല ആകയാൽ അത്രെ മലയാഴ്മയിൽ നല്ല വാചകങ്ങൾ ചുരുക്കമായിരിക്കുന്നതു്.”

(മലയാഴ്മയുടെ വ്യാകരണം)

“ജ്യോതിശ്ശാസ്ത്രം യുക്താർത്ഥമായിക്കാണിക്കയും പൂർവ്വവൃത്തങ്ങളിൽ നിശ്ചിതമായി കഥിക്കയും ചെയ്യുന്നപ്രകാരം അഖിലാണ്ഡത്തിൽ അനവധി ലോകങ്ങൾ ഉള്ളതിൽ ചിലതിൽ മനുഷ്യനെക്കാൾ ഉയർന്ന സൃഷ്ടികൾ ഉണ്ടായിരിക്കാം എന്നാൽ ഭൂലോകത്തിൽ മനുഷ്യർതന്നെ പ്രധാനി എന്നുള്ളതു തർക്കമററ ഒരു സംഗതിയാകുന്നു, കൊള്ളാം. ഈ ശ്രേഷ്ഠത അവനു വന്നതു എങ്ങനെ. ദേഹശക്തിയിൽനിന്നല്ല. അതു നോക്കുമ്പോൾ ജീവജന്തുക്കളിൽ പലവകയും മനുഷ്യനെക്കാൾ ബലം കൂടിയവയായിരിക്കുന്നു സിംഹം, കടുവാ, മുതലായവ അവനെക്കാൾ ഊററംപ്പെട്ടവ എന്നു വരികിലും അവ അവനെ ഭയന്ന് അവന്റെ വെട്ടത്തുനിന്നു കാട്ടിലേക്കു ഓടിയൊളിക്കുന്നു കാള പോത്തു മുതലായതിനെക്കൊണ്ടു് അവൻ വേല ചെയ്യിച്ചു ഉപജീവനം കഴിക്കുന്നു. ആനയും കുതിരയും മററും അവനെ വഴങ്ങി അവനു വാഹനമായിത്തീരുന്നു പിന്നെ അവന്റെ അംഗങ്ങളുടെ ചാതുര്യത്തിൽ നിന്നോ അവന്റെ വലിപ്പമുണ്ടായിരിക്കുന്നതു്. വാളു, പരിച മുതലായ ആയുധങ്ങളെ കൂടാതെ വെറും കൈകൊണ്ടു യാതൊരു വലിയ മൃഗത്തോടും നേരിടുവാൻ അവനു വശമില്ല. നേരെ മറിച്ചു മൃഗാദികൾക്കു രക്ഷെക്കും പോരിനും വേണ്ടുന്ന കരുക്കളായ കൊമ്പും തോലും പല്ലു നഖവും അടവുക്കു ജാത്യമായിരിക്കുന്നു. പിന്നെ അവന്റെ ഉന്നതിയുടെ കാരണം എന്തു അതു് അവന്റെ അറിവിന്റെ വിശേഷത എന്നേ പറവാനുള്ളൂ. അറിവു ശക്തിയാകുന്നു എന്നു ചൊല്ലുണ്ടല്ലോ”

(ബാലാഭ്യസനം)

“മനസ്സിനു ഉള്ളുകൊണ്ടുതട്ടി ഗ്രഹിക്കുന്ന കാര്യം വിശ്രമത്തോടെ ഗ്രഹിക്കുന്നതിനേക്കാൾ ഓർമ്മ നിൽക്കുന്നതാകുന്നു. ഒരു വെടിയുണ്ട ഒരു ചുവരേൽ കൊണ്ടു കഴിഞ്ഞാൽ അതു് അവിടെ പതിഞ്ഞുനിൽക്കും അല്ലാഞ്ഞാൽ അതു വീണുപോകും ഉണ്ടയുടെ പതിച്ചിൽ അതിന്റെ വേഗത്തിനും ചുവരിന്റെ മയത്തിനും തക്കവണ്ണം ഇരിക്കുന്നതു പോലെ കാര്യത്തിന്റെ ഗൗരവത്തിനും മനസ്സിന്റെ സ്വഭാവത്തിനും തക്കവണ്ണമാകുന്നു ഉള്ളിൽ കൊള്ളുണ്ടാകുന്നതു്. ആശയോ ഭയമോ ആകട്ടെ കോപമോ സ്നേഹമോ ആകട്ടെ സന്തോഷമോ ദുഃഖമോ ആകട്ടെ അതിശയമോ ഹാസ്യമോ ആകട്ടെ എന്തെങ്കിലും ഒരു വികാരമായിരുന്നാൽ ഇതിനുമതി”.

(ബാലാഭ്യസനം)

“സകലവസ്തുക്കളുടേയും സ്വാഭാവികമായ രൂപം ഉരുണ്ടാകുന്നു. വിവിധമായ രൂപങ്ങളോടുകൂടിയ വസ്തുക്കൾകൊണ്ടു ഭൂമി തിരിഞ്ഞിരിക്കുമ്പോൾ ഈ വാക്കു എങ്ങനെ ശരിയാകും എന്നു ചിലർക്കു തോന്നുമായിരിക്കും എന്നാൽ മററു രൂപങ്ങൾ വിശേഷാൽ ചില കാരണങ്ങൾ ഉണ്ടായിട്ടു വരുന്നതാകുന്നു സ്വയമായി ഉണ്ടാകുന്ന രൂപം ഗോളംതന്നെ ജലത്തുള്ളികൾ എല്ലായ്പ്പോഴും ഉരുണ്ടാകുന്നു പൊൻ വെള്ളി മുതലായ ലോഹാദികൾ മൂശയിൽ ഇട്ടുരുക്കി താനെയിരുന്നാറിക്കുട്ടതാൽ ഉരുണ്ടിരിക്കും. വെടിവെയ്ക്കുന്നതിനുള്ള ചില്ലുകൾ മണിപോലിരിക്കുന്നതു് തല്ലിയുരുട്ടീട്ടല്ല. ഉരുക്കി ഒഴിക്കുന്നതിനാൽ താനെ അങ്ങനെ വന്നു കൊള്ളുന്നതാകുന്നു.

(ഭൂമിയുരുണ്ടതാകുന്നു എന്നുളപന്യാസം)

1042-ാമാണ്ടിനു മുമ്പ് അതാവിതു അറുപതും എൺപതും വർഷങ്ങൾക്കപ്പുറം എഴുതപ്പെട്ട മലയാള ഗദ്യമാണു് മേൽ ചേർത്തിട്ടുള്ളതു്. ഇവ ഇന്നത്തെ മലയാളവാചകങ്ങളെന്നല്ലാതെ ഒരു മുക്കാൽ ശതാബ്ദത്തിനു മുമ്പുള്ളവയാണെന്നു പറവാൻ ആർക്കും തന്നെ ധൈര്യമുണ്ടാകുന്നതല്ല 1027-ാമാണ്ടു കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഏഴാമത്തെ തിരുവയസ്സിൽ നിലത്തെഴുത്തു പഠിക്കുന്ന കാലത്തെ കഥ പോകട്ടെ- 1042-ാമാണ്ടിനു മുമ്പു ഗീവറുഗീസു കത്തനാർ അവർകൾ ഗ്രന്ഥനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്ന കാലത്തു് ഇതിലധികം ഭംഗിയായി എഴുതുവാൻ അവിടത്തേക്കു കഴിയുമായിരുന്നുവോ എന്നുള്ളതു സംശയമത്രെ. അന്നു നാടുവാണിരുന്ന ആയില്യംതിരുനാൾ മഹാരാജാവിനു കഴിഞ്ഞിരുന്നില്ലെന്നുള്ളതിനു് അവിടത്തെ ഗദ്യരീതി ലക്ഷ്യമാണു്.

കേരള കാളിദാസൻ തിരുമേനി മലയാള ഗദ്യപരിപോഷണത്തിനായി പലതും ചെയ്തിട്ടുണ്ടെന്നു് അസ്മാദൃശന്മാർ നന്ദിപൂർവം സ്മരിക്കുന്നു. എന്നാൽ ആധുനിക മലയാള ഗദ്യത്തിനു് അസ്ഥിവാരം ഉറപ്പിച്ചതു അവിടുന്നു ബുക്കുകമ്മട്ടി പ്രസിഡണ്ടു് എന്ന നിലയിൽ ഗ്രന്ഥനിർമ്മാണം തുടങ്ങുന്നതിനു മുമ്പായിരുന്നുവെന്നും ഗദ്യജനയിതാവു് എന്ന പേരിനെ യഥാർത്ഥത്തിൽ അർഹിക്കുന്നതു വൈയാകരണൻ കത്തനാരായിരുന്നുവെന്നുംമാത്രമേ ഇവിടെ വാദമുള്ളൂ. മേൽ ചേർത്ത ന്യായങ്ങളെ ഖണ്ഡിച്ചു് സ്വപക്ഷസമർത്ഥനം ചെയ്യുന്നതിനു മി. ശങ്കരയ്യർക്കു കഴിയുമെങ്കിൽ അതിനെ സ്വീകരിക്കുന്നതിനു് ഇവിടെ തെല്ലും മടിയില്ലെന്നുകൂടി പ്രസ്താവിച്ചുകൊള്ളട്ടെ

ചില പദപ്രയോഗങ്ങൾ

(എം. ഏ. തോമ്മസ്)

ചെങ്ങന്നൂരിൽ.

കഴിഞ്ഞ ഒരു ലക്കം മലയാളമനോരമയിൽ ശ്രീമാൻ മൂർക്കോത്തു കുമാരൻ അവർകൾ “ചെങ്ങന്നൂരിൽ” എന്നു പ്രയോഗിച്ചിരിക്കുന്നു “അദ്ദേഹം ചെങ്ങന്നൂരിൽ പോയി” എന്നു തിരുവല്ലാക്കാരായ ഞങ്ങൾ പറയാറില്ല. ”അദ്ദേഹം ചെങ്ങന്നൂർക്കു പോയി” എന്നാണു പറയാറുള്ളതു്. അദ്ദേഹം ചെങ്ങന്നൂർപ്പോയി, ചെങ്ങന്നൂർക്കു പോയി, ചെങ്ങന്നൂററം പോയി, ചെങ്ങന്നൂർവരെ പോയി എന്നും പറയാറുണ്ടു് എന്നാൽ ചെങ്ങന്നൂരിൽ പോയി, ചെങ്ങന്നൂരിനു പോയി എന്നു ഞങ്ങൾ പ്രയോഗിക്കാറില്ല

കൈയിനാൽ.

തിരുവല്ലാത്താലൂക്കിന്റെ പല ഭാഗങ്ങളിലും “കൈയിനാൽ” പ്രയോഗത്തിലിരിക്കുന്നതായിക്കാണാം. “കൈയിനാലെ കൊടുത്തു് ആ ഇടപാടു ഞാൻ തീർത്തു” എന്നു സാധാരണ പറയാറുണ്ടു്.

അടച്ചിററു്.

ഇതിനു് അടച്ചേററി എന്നാണു് ഞങ്ങൾ പറയാറുള്ളതു്. ഈ ‘അടച്ചട്ടി,യിൽനിന്നും വന്നിട്ടുള്ളതല്ലേ എന്നു തോന്നിപ്പോകുന്നു പാത്രങ്ങൾ അടച്ചുവയ്ക്കുവാൻ ഉപയോഗിക്കുന്ന പ